**166 (1526) ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒഴിവുകൾ**

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പിറവം രാമമംഗലം മുളന്തുരുത്തി എന്നീ ആശുപത്രികളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒഴിവുകൾ നിലവിലുണ്ടോ;

(ബി) ഈ ആശുപത്രികളിൽ എത്ര ഡോക്ടർമാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നുണ്ട്; എത്ര ഡോക്ടർമാർ ഇപ്പോൾ ലീവിലാണ്;

(സി) പലപ്പോഴും പിറവം ആശുപത്രിയിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്തതിനാൽ രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പിറവം പി.എച്ച്.സി.യിൽ ഒഴിവുണ്ടായിരുന്ന ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്. രാമമംഗലം, മുളന്തുരുത്തി എന്നീ പി.എച്ച്.സി.കളിൽ ഒഴിവുണ്ടായിരുന്ന തസ്തികയിൽ കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഡോക്ടർമാർ ജോലി നോക്കുന്നു. പിറവം, രാമമംഗലം, മുളന്തുരുത്തി എന്നീ ആശുപത്രികളിൽ നഴ്സുമാരുടെ ഒഴിവുകൾ നിലവിലില്ല.

(ബി) പിറവം പി.എച്ച്.സിയിൽ രണ്ടും രാമമംഗലം പി.എച്ച്.സി.യിൽ നാലും മുളന്തുരുത്തി പി.എച്ച്.സി.യിൽ രണ്ടും ഡോക്ടർമാർ ജോലി നോക്കുന്നു. പിറവം പി.എച്ച്.സി.യിലെ ഒരു ഡോക്ടർ ലീവിലാണ്.

(സി) ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**167 (1527) മാടവന പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനുള്ള നടപടി**

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ മാടവന പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly